# FIFTH ESTATE

എഡിറ്റർ. ഡോ. ജൈനിമോൾ കെ വി

നവമാദ്ധ്യമവ്യവഹാരങ്ങൾ

ഡോ. സിന്ധു കെ.വി 115

മാധ്യമങ്ങളുടെ രാഷ്ട്രീയവും പൊതുബോധ നിർമ്മിതിയും

ഡോ. ദീപമോൾ മാത്യു 144

പോസ്റ്റ്മൊബൈൽ ഫോൺ കാലത്തെ

സാമൂഹിക, സാംസ്കാരിക, മാധ്യമപരിസരങ്ങൾ

വി.എച്ച്.നിഷാദ് 151

നവമാധ്യമങ്ങൾ - പ്രതികരണങ്ങളും പ്രത്യാഘാതങ്ങളും

ഡോ. പൂർണ്ണിമ.സി.സി 161

മാധ്യമധർമ്മവും ധാർമ്മികതയും

മുബീന സി.എച്ച് 167

ലേഖക പരിചയം 174

# നവമാദ്ധ്യമവ്യവഹാരങ്ങൾ

ഡോ. സിന്ധു.കെ.വി

ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ആവേശകരമായ ചുവടുവെപ്പിൽ മനുഷ്യൻ അവന്റെ ചരിത്രത്തിലെ ഏറ്റവും ഉജ്ജ്വലമായ പരിണാമത്തിന്റെ വക്കിലാണുള്ളത്. മനുഷ്യ കുലം അവന്റെ ജനിതകപാരമ്പര്യത്തിന്റെ ബന്ധനങ്ങൾ തകർക്കുകയും അറിവിന്റെയും ബുദ്ധിശക്തിയുടേയും വിനിമയത്തിന്റേയും പ്രവചനാതീതമായ ഉയരങ്ങൾ കീഴടക്കുകയും ജീവിതം കൂടുതൽ തിളക്കമുള്ള താക്കുകയും ചെയ്തിരിക്കുന്നു. സമീപ ഭാവിയിൽ മനുഷ്യൻ അവന്റെ ശരീരശേഷികളുടെ പരിമിത മിതികളെ സാങ്കേതികതയുടെ (Artificial intelligence) സഹായത്തോടെ പൂർണ്ണമായും മറികടക്കുകയും കൂടുതൽ മെച്ചപ്പെട്ട രീതിയിൽ അവനെ രൂപാന്തരപ്പെടുത്തുകയും ചെയ്യുമെന്ന് കുർസ് വെയിലിനെപ്പോലുള്ള ഫ്യൂച്ചറിസ്റ്റുകൾ പറയുന്നുണ്ട്.

ആശയവിനിമയത്തിന്റെ അനന്തമായ സാധ്യതകളായിരുന്നു മനുഷ്യനെ മറ്റു ജീവികളിൽനിന്നു വ്യത്യസ്തനാക്കിയത്. വ്യത്യസ്തമായ ഒരു സംസ്കാരം രൂപപ്പെടുത്താൻ അവനെ സഹായിച്ചത് അതാണ്. അതിശയിപ്പിക്കുന്ന കാഴ്ചകളെ തന്റെ കൂട്ടരിലേക്കെത്തിച്ച ആദിമമനുഷ്യന്റെ ഗുഹാ ചിത്രകാലത്തിനുശേഷം കൂട്ടു ജീവിതം വീണ്ടും വിശാലമാവുകയും ബഹുജനവിനിമയം ആവശ്യമായി വരികയും ചെയ്തു. ക്രമാനുഗതമായ വളർച്ചയ്ക്കൊടുവിൽ മാധ്യമങ്ങൾ ശക്തിപ്പെട്ടതോടെ ആശയ വിനിമയത്തിനൊരു സംഘടിതരൂപം കൈവന്നു. സാങ്കേതികവിദ്യയുടെ വ്യാപനത്തോടെ ആശയവിനിമയത്തിന് പരിപൂർണ്ണസ്വാതന്ത്ര്യമുള്ളതും